പതിനാലാം കേരള നിയമസഭ
13-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2013 — 05.12.2018-ൽ മറുപടിയ്ക്ക്

# പ്രളയം പരിസ്ഥിതിയിലേൽപ്പിച്ച ആഘാതങ്ങൾ

| ചോദ്യം<br>ശ്രീ.പി.ഉണ്ണി: | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) | പ്രളയം പരിസ്ഥിതിയിലേൽപ്പിച്ച ആഘാതങ്ങളെക്കുറിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ; | (എ) പ്രളയം പരിസ്ഥിതിക്കേൽപ്പിച്ച ആഘാതങ്ങളെക്കുറിച്ച് സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ നേതൃത്വത്തിൽ ജൈവ വൈവിധ്യ പരിപാലന സമിതികൾ പഠനം നടത്തി വരുന്നു. |
| (ബി) | പ്രളയം മൂലം എന്തെല്ലാം പാരിസ്ഥിതിക മാറ്റങ്ങളാണ് സംഭവിച്ചിട്ടുള്ളതെന്നും പരിസ്ഥിതിയെ പൂർവ്വസ്ഥിതിയിലാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ? | (ബി) സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും പ്രളയബാധിതമായതിന്റെ അനന്തരഫലമായി ഗുരുതരമായ മാലിന്യ പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. വർദ്ധിച്ച തോതിൽ ഇ-വേസ്റ്റ് ഉൾപ്പെടെയുള്ള ഖരമാലിന്യങ്ങൾ ഉണ്ടാകുകയും അവ നിർമ്മാർജ്ജനം ചെയ്യുന്നതിന് വേണ്ട നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പ്രളയ ബാധിത പ്രദേശങ്ങൾ നേരിട്ട പ്രധാന പ്രശ്നങ്ങളിലൊന്നായിരുന്നു കുടിവെള്ള ക്ഷാമം.<br>പ്രളയത്തെതുടർന്ന് ജലസ്രോതസ്സുകൾ എല്ലാം തന്നെ മലിനപ്പെട്ട |

അവസ്ഥയിലായിരുന്നു. ആയതിനാൽ കടിവെള്ളത്തിന്റെ ജലഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി രണ്ടു ഘട്ടങ്ങളിലായി ഏകദേശം 40000 ത്തോളം കിണർജല സാമ്പിളുകളുടെ ഗുണനിലവാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിർണ്ണയിച്ച്, ശുദ്ധീകരണം ആവശ്യമായ കിണറുകളിൽ അവ നടപ്പിലാക്കുന്നതിനുവേണ്ട നിർദ്ദേശം നൽകി വരുന്നു. കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം കണ്ടെത്തിയ കിണറുകൾ അണുവിമുക്തമാക്കുവാൻ വേണ്ട നിർദ്ദേശവും നൽകി വരുന്നു.

സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിന്റെയും ഇടയ്ക്കിടെ ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളുടെയും പശ്ചാത്തലത്തിൽ, ജൈവവൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം എന്നീ മേഖലയ്ക്ക് എല്ലാ തലത്തിലേയും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ, ഒരു പുതിയ വർക്കിംഗ് ഗ്രൂപ്പ് നിർബന്ധമായും രൂപീകരിക്കേണ്ടതാണെന്ന് 19.09.18 ലെ സ.ഉ. 2462/2018/LSGD ഉത്തരവിൽ

നിർദ്ദേശിച്ചിട്ടുണ്ട്.

2019-20 സാമ്പത്തിക വർഷത്തിൽ പാരിസ്ഥിതികം പദ്ധതിയിൽ ഉൾപ്പെടുത്തി പ്രളയാനന്തര പുനരുജ്ജീവന പ്രവർത്തനങ്ങൾ ഊന്നൽ നൽകുവാൻ ഉദ്ദേശിക്കുന്നു.

തദ്ദേശീയ കാലാവസ്ഥ വ്യതിയാന സെൽ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നു. കാലാവസ്ഥ വ്യതിയാനത്തിന് അനുകൂലമായ പുതിയ കാർഷിക രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ട സാമ്പത്തിക സഹായവും ചെയ്തു വരുന്നു.

സെക്ഷൻ ഓഫീസർ